കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 23 | ലക്കം 2 | സെപ്റ്റംബർ 30 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

3 കുട്ടി കൃഷി മാതൃകയാക്കണം– കൃഷി മന്ത്രി പി പ്രസാദ്

4 തേൻ ശീലമാക്കാൻ മൂല്യവർദ്ധിത ഉല്പന്നങ്ങൾ സഹായിക്കും

5 സൂക്ഷ്മ ജലസേചന പദ്ധതികൾക്ക് 100 കോടിയുടെ പദ്ധതിയുമായി കൃഷി വകുപ്പ്

## 2030 ഓടെ കേരളത്തിന്റെ കാർഷിക വിസ്തൃതിയുടെ 10 ശതമാനം ജൈവകൃഷിയിലേക്ക് : കൃഷിമന്ത്രി പി പ്രസാദ്




സംസ്ഥാന കാർഷിക വില നിർണയ ബോർഡ് സംഘടിപ്പിച്ച ദേശീയ പഠനശാല ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് നിർവ്വഹിക്കുന്നു.

ഭാവി ആരോഗ്യ കേരളത്തിലേക്കുള്ള വിത്തിടീലാണ് ജൈവകൃഷിയെന്നും 2030 ഓടെ കേരളത്തിന്റെ കാർഷിക വിസ്തൃതിയുടെ 10 ശതമാനം ജൈവ കൃഷിയിലേക്ക് മാറ്റാൻ ആണ് കൃഷി വകുപ്പ് ലക്ഷ്യം വെക്കുന്നത് എന്നും "ജൈവകൃഷിയും കർഷകരുടെ വരുമാനവും" എന്ന വിഷയത്തെ ആസ്പദമാക്കി സംസ്ഥാന കാർഷിക വില നിർണയ ബോർഡ് സംഘടിപ്പിച്ച ദേശീയ പഠനശാല ഉദ്ഘാടനം ചെയ്തുകൊണ്ട് കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. ജൈവകൃഷിയും പ്രകൃതി കൃഷിയും പൂർണമായും ശാസ്ത്രീയമാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

2010 ൽ കേരളത്തിൽ ജൈവ കാർഷിക നയം രൂപീകരിക്കുകയുണ്ടായി തുടർന്ന് 2023 ൽ ജൈവ കാർഷിക മികച്ച മിഷനും അതോടൊപ്പം സബ് മിഷൻ ഓഫ് നാച്ചുറൽ ഫാർമിങ്ങും രൂപീകരിച്ചു. കേരളത്തിൽ നിലവിൽ 84,000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി അവലംബിച്ചു വരുന്നതായാണ് കണക്കാക്കുന്നത്. 2030 ആകുമ്പോൾ കേരളത്തിൽ കൃഷി ചെയ്യുന്ന ആകെ വിസ്തൃതിയുടെ പത്ത് ശതമാനമെങ്കിലും ജൈവ രീതികൾ അവലംബിച്ച് കൃഷി ചെയ്യണമെന്നാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേരള മോഡൽ "റെസ്പോൺസിബിൾ നാച്ചുറൽ ഫാർമിംഗ് മിഷൻ" രൂപീകൃതമാകും. പ്രകൃതി കൃഷി സമൂഹത്തിന്റെ ആരോഗ്യവുമായും ഭാവിയുമായും ബന്ധപ്പെട്ടിരിക്കുന്നു. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനും പ്രാധാന്യം കൊടുക്കേണ്ടതാണ്. കൃഷി, ഭക്ഷണം,

ചീഫ് എഡിറ്റർ - സിന്ധു കെ.എസ്.
എഡിറ്റർ - ഡോ. വി. കൃഷ്ണദാസ്
അസോസിയേറ്റ് എഡിറ്റർ - മന കെ.ജി.
അസിസ്റ്റന്റ് എഡിറ്റർ - സുജിത്ത് എസ്.എസ്.

ആരോഗ്യം, ജീവിതം എന്നിവയിൽ വിഷം ചേർക്കരുതെന്നും, രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതിരിക്കാൻ ശ്രദ്ധിക്കണമെന്നും മന്ത്രി പറഞ്ഞു. ജൈവകൃഷി കാലഘട്ടത്തിന്റെ അനിവാര്യതയാണ്. കേരളത്തിന്റെ പാരിസ്ഥിതിക പ്രത്യേകതകൾ എന്തുകൊണ്ടും ജൈവകൃഷിക്ക് അനുയോജ്യവുമാണ്.കർഷകർ ഉത്പാദിപ്പിക്കുന്ന ജൈവ ഉത്പന്നങ്ങൾ കെട്ടിക്കിടക്കാതെ പരമാവധി വിപണി അവർക്ക് ഉറപ്പാക്കുന്നതിന് കൃഷിവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന വില നിർണ്ണയ ബോർഡ് സംഘടിപ്പിക്കുന്ന പഠനശാലയിൽ ജൈവകൃഷിയെ സംബന്ധിച്ച വ്യക്തമായ അഭിപ്രായങ്ങളും പ്രായോഗികമായ അഭിപ്രായങ്ങളും ഒരു പ്ലാനും തയ്യാറാക്കി അത് നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിന് അധ്യക്ഷത വഹിച്ച് സംസാരിച്ചത് കാർഷിക ഉല്പാദന കമ്മീഷണറും പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ. ബി അശോക് ഐ എ എസ് ആണ്. ചടങ്ങിന് സംസ്ഥാന കാർഷിക വില നിർണയ ബോർഡ് ചെയർമാൻ ഡോ. പി. രാജശേഖരൻ സ്വാഗതം ആശംസിച്ച് സംസാരിച്ചു.

ശ്രീ എസ് എം വിജയാനന്ദ് ഐ.എ.എസ്. (മുൻ ചീഫ് സെക്രട്ടറി) മുഖ്യപ്രഭാഷണം നടത്തി, വെള്ളായണി കാർഷിക കോളേജ് മുൻ പ്രൊഫസർ ഡോ. സി. ഭാസ്കരൻ, ജൂലി ഫോർട്ടിൻ (ഗവേഷക, ഹൊഹെൻഹൈം സർവകലാശാല , ജർമ്മനി), ഹെമിസ് നെഗി ഐ എ എസ് (സംസ്ഥാന പ്രൊജക്റ്റ് ഡയറക്ടർ, ഹിമാചൽ പ്രദേശ് ), മാർക്കറ്റിംഗ് വിഭാഗം കൃഷി അഡീഷണൽ ഡയറക്ടർ, സിന്ധു എസ് തുടങ്ങി കാർഷിക കോളേജിലെയും വിവിധ മേഖലകളിലെയും വിദഗ്ദർ വിഷയങ്ങൾ കൈകാര്യം ചെയ്തു.

# കൂൺ കൃഷിയുടെ വിവിധ സാധ്യതകൾ തേടി കൃഷി മന്ത്രി പി പ്രസാദിന്റെ നേതൃത്വത്തിൽ കർഷകരടങ്ങിയ പ്രത്യേക സംഘം ഹിമാചൽ പ്രദേശിലെ സോളൻ ഐ.സി.എ.ആർ കൂൺ ഗവേഷണ കേന്ദ്രം സന്ദർശിച്ചു



കൃഷിവകുപ്പും, തിരുവനന്തപുരം റീജണൽ കാൻസർ സെന്ററും, കേരള കാർഷിക സർവകലാശാലയും കൂടി സഹകരിച്ച് കാൻസറിന്റെ തുടർ ചികിത്സക്ക് കൂണിന്റെ പോഷകഗുണങ്ങൾ പ്രയോജനപ്പെടുത്തുന്നതിനെകുറിച്ചും കൂൺ കൃഷിയുടെ വിവിധ സാധ്യതകളെക്കുറിച്ചും പഠിക്കാൻ തീരുമാനിച്ചതായി കൂൺ ഗവേഷണ കേന്ദ്രം സന്ദർശിച്ചു കൊണ്ട് മന്ത്രി പി പ്രസാദ് അറിയിച്ചു.

മന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. വി പി ശർമ്മയുമായി കൂടിക്കാഴ്ച നടത്തി. കൂൺ കൃഷിയുമായി ബന്ധപ്പെട്ട് സാങ്കേതിക വിദ്യകൾ കൈമാറുന്നതിനും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനും ഗവേഷണകേന്ദ്രവുമായി ധാരണയുണ്ടാക്കുമെന്നും, കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് കൂൺകൃഷി വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്നും മന്ത്രി പറഞ്ഞു.

തിരുവനന്തപുരം റീജണൽ കാൻസർ സെൻ്റർ ഡെപ്യൂട്ടി ഡയറക്ടർ ഡോ. എ സജീദ്, പ്രൈസസ് ബോർഡ് ചെയർമാൻ ഡോ. പി രാജശേഖരൻ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ സജി ജോൺ, കേരള കാർഷിക സർവകലാശാല അസിസ്റ്റന്റ് പ്രൊഫസർ ഡോ. സുഷ എസ്. താര, കർഷകരായ രാഹുൽ എൻ വി, റോജിൻ ഫിലിപ്പ് മാത്യു, സച്ചിൻ ജി പൈ, ഫാ. സ്കറിയ റിയ തോമസ് നിരപ്പേൽ എന്നിവർ മന്ത്രിയോടൊപ്പം ഗവേഷണ കേന്ദ്രം സന്ദർശിച്ചു.

# കുട്ടി കൃഷി മാതൃകയാക്കണം– കൃഷി മന്ത്രി പി പ്രസാദ്



കുണ്ടറ മണ്ഡലത്തിൽ നടപ്പാക്കിയ കുട്ടികൃഷി മാതൃകയാക്കണമെന്നും മറ്റുള്ള സ്കൂളുകൾക്ക് ഇത് പ്രചോദനം ആകണമെന്നും കൃഷിമന്ത്രി പി. പ്രസാദ് പറഞ്ഞു. പി.സി. വിഷ്ണുനാഥ് എംഎൽ എയുടെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയായ "കണക്ട് കുണ്ടറ"യുടെ ആഭിമുഖ്യത്തിൽ കുണ്ടറ മണ്ഡലത്തിൽ നടപ്പിലാക്കുന്ന കുട്ടികൃഷി പദ്ധതിയുടെ രണ്ടാംഘട്ട ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഞാനും വിഷ്ണുനാഥും രണ്ടു രാഷ്ട്രീയപാർട്ടികളിൽ ഉള്ളവരായിട്ടും തിരുവനന്തപുരത്തുനിന്നും കുണ്ടറയ്ക്ക് വന്നത് ഒരു കാറിൽ ആയിരുന്നു. കാരണം കൃഷിക്ക് പ്രതിപക്ഷം എന്നോ ഭരണപക്ഷം എന്നോ ഇല്ല ഒരു പക്ഷമേ ഉള്ളൂ, കൃഷി വേണമെന്ന് പക്ഷം മാത്രം എന്നുള്ളത് കൊണ്ടാണ് ഞങ്ങൾ ഒരുമിച്ച് ഇവിടേക്ക് എത്തിയത്. പദ്ധതിക്ക് കൃഷിവകുപ്പിന്റെ എല്ലാ പിന്തുണയും ഉണ്ടാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. പി.സി. വിഷ്ണുനാഥ് എംഎൽഎ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ എം.എസ്. അനീസ പദ്ധതി വിശദീകരിച്ചു. ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ഡി. അഭിലാഷ്, ജില്ലാ പഞ്ചായത്ത് അംഗം പ്രജി ശശിധരൻ, ഗ്രാമപഞ്ചായത്ത് അംഗം സൈഫുദ്ദീൻ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ബീന ബോണിഫേസ്, കുണ്ടറ ബിപിസി ആശ കൊച്ചയം, എടിഎ മാരായ ഡി. നവാസ്, എൻ. ഡി. സോണിയ, ശ്രീവത്സ പി. ശ്രീനിവാസൻ, എ പി എ ഒ ടി.ഷീബ, ന്യൂൺ മീൽ ഓഫീസർമാരായ റീജൻ എ മിറാണ്ട, ഹേമറാണി. കൊല്ലം ഡിഇഒ എൽ. ആഗ്നസ്, ഇളമ്പള്ളൂർ എസ് എൻ എസ് എം ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ അനിൽ കുമാർ എച്ച് എം ഫോറം പ്രസിഡന്റ് മിനിമോൾ പിടിഎ പ്രസിഡണ്ട് ശ്രീദേവി സ്കൂൾ പ്രഥമധ്യാപിക വി ഗീത തുടങ്ങിയവർ സംസാരിച്ചു. കഴിഞ്ഞ വർഷം മൂന്നു സ്കൂളുകളിലായി പൈലറ്റ് പ്രോജക്ട് ആയി ആരംഭിച്ച പദ്ധതി ഇത്തവണ 32 സ്കൂളുകളിലാണ് നടപ്പാക്കുന്നത്. കുട്ടി കൃഷിയിൽ പങ്കാളികളാകുന്ന വിദ്യാർത്ഥികൾക്ക് കൃഷി ഉപകരണങ്ങളും സംസ്ഥാനത്തെ കൃഷിത്തോട്ടങ്ങൾ സന്ദർശിക്കുന്നതിനുള്ള സൗകര്യവും കൃഷിവകുപ്പ് ഒരുക്കും

# മൃഗസംരക്ഷണ രംഗത്ത് കേരള–പഞ്ചാബ് സാങ്കേതിക സഹകരണം ശക്തമാക്കാൻ ചർച്ചകൾ – മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി

മൃഗസംരക്ഷണ രംഗത്തെ വിവിധ മേഖലകളിലെ സാങ്കേതിക സഹകരണത്തിനായി കേരള-പഞ്ചാബ് മൃഗസംരക്ഷണ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ ഉന്നതതല യോഗം പഞ്ചാബിൽ നടന്നു. നേരത്തെ പഞ്ചാബ് മൃഗസംരക്ഷണ കാർഷിക-ഡയറി-ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീ. ഗുർമീത് സിങ്ങ് ഖുഡിയാന്റെ നേതൃത്വത്തിൽ ഒരു സംഘം ഉദ്യോഗസ്ഥരുടെ കേരള സന്ദർശനത്തിൽ കേരള മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണിയുമായി നടത്തിയ ചർച്ചകളുടെ തുടർച്ചയാണിത്.

യോഗത്തിൽ ഗാഢ ശീതീകരിച്ച സെമെൻ (Frozen Semen) ഉത്പാദനം-വിതരണം, ഉയർന്ന ജനിതക മൂല്യമുള്ള പശുക്കളുടെയും കാളകളുടെയും വിനിമയം, ജനിതക തിരഞ്ഞെടുപ്പും Breeding Value Estimation ഉം, എംബ്രിയോ ട്രാൻസ്ഫർ



30000 ഡോസ് HFന്റെയും, 60000 ഡോസ് "മുറ" ഇനത്തിലുള്ള എരുമയുടെ ബീജത്തിന്റെയും വിതരണം ചെയ്യുവാനുള്ള ഉത്തരവ് പഞ്ചാബ് മൃഗസംരക്ഷണ കാർഷിക-ഡയറി-ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീ. ഗുർമീത് സിങ്ങ് ഖുഡിയാൻ കേരള മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണിക്ക് കൈമാറുന്നു.

(ET), ഇൻ വിട്രോ ഫെർട്ടിലൈസേഷൻ (IVF) സാങ്കേതിക വിദ്യകൾ, Capacity Building & Training എന്നീ മേഖലകളിലെ സംയുക്ത പദ്ധതികൾ ചർച്ചയായി.

യോഗത്തിൽ ഇരു സംസ്ഥാനങ്ങളും ചേർന്ന് പശുക്കളുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം ഉയർത്തുന്നതിനും ദേശീയ തലത്തിൽ പാലിന്റെയും മാംസത്തിന്റെയും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സഹകരിക്കുമെന്ന് പ്രതീക്ഷ പ്രകടിപ്പിച്ചു. അതുപോലെ കേരളത്തിലെ മികച്ച ആട് വർഗ്ഗങ്ങളുടെ കൈമാറ്റവും ചർച്ചയായി. കൂടാതെ, ഗാഢ ശീതീകരിച്ച സെമെൻ (Frozen Semen) ഉൽപ്പാദന-വിതരണ രംഗത്തെ സാങ്കേതിക വിദ്യകളും ഗുണനിലവാര മാനദണ്ഡങ്ങളും കൈമാറി, രണ്ട് സംസ്ഥാനങ്ങളുടെയും ആവശ്യാനുസരണം ഫ്രോസൺ സെമൻ ഡോസുകളുടെ വിനിമയം, KLDBയുടെ CALG ലാബിന്റെ സഹായത്തോടെ ജനിതക രോഗനിർണയം, Genomic Indices അടിസ്ഥാനപ്പെടുത്തി Cattle Improvement പദ്ധതികൾ, Embryo Transfer (IVF) മേഖലയിൽ സംയുക്ത പരിശീലന-സാങ്കേതിക കൈമാറ്റം, കേരള-പഞ്ചാബ് ശാസ്ത്രജ്ഞർ, വിദഗ്ധർ, പരിശീലകർ, കർഷകർ എന്നിവർക്കിടയിൽ സാങ്കേതിക പരിജ്ഞാന കൈമാറ്റം എന്നിവയും ചർച്ചയായി. ഇതിന്റെ ആദ്യപടിയായി 30000 ഡോസ് HF, 60000 ഡോസ് "മുറ" ഇനത്തിലുള്ള എരുമയുടെ ബീജത്തിന്റെയും വിതരണം ചെയ്യുവാനുള്ള ഉത്തരവ് പഞ്ചാബ് ഗവൺമെന്റ് മന്ത്രിയ്ക്ക് കൈമാറി. ചർച്ചയിൽ പഞ്ചാബ് മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി ശ്രീ രാഹുൽ ബണ്ടാരി IAS, KLD Board പ്രതിനിധി Dr. അവിനാഷ് തുടങ്ങിയവർ പങ്കെടുത്തു.

# തേൻ ശീലമാക്കാൻ മൂല്യവർദ്ധിത ഉല്പന്നങ്ങൾ സഹായിക്കും

ജൈവ വൈവിധ്യമാർന്ന സസ്യശ്രോതസ്സുള്ള വയനാട്ടിലെ തനതായ, ശുദ്ധമായ തേൻ, ഭക്ഷണത്തിന്റെ ഭാഗമാക്കി സുഖപ്രദമായ മനുഷ്യജീവിതം ഉറപ്പാക്കാൻ തേൻ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ശീലമാക്കണമെന്ന് ഡോ. യാമിനി വർമ്മ അഭിപ്രായപ്പെട്ടു. കേരള കാർഷിക സർവകലാശാല വയനാട്- അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രം സംഘടിപ്പിച്ച "കർഷക- ശാസ്ത്രജ്ഞ- വിദ്യാർത്ഥി സംവാദം" ഉദ്ഘാടനം ചെയ്യുകയായിരുന്നു എ.ഡി.ആർ &ഡീൻ, കോളേജ് ഓഫ് അഗ്രികൾച്ചർ അമ്പലവയൽ. തേനിൻറെ വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങൾ കാർഷിക സർവ്വകലാശാലയുടെ അംഗീകാരത്തോടെ പുറത്തിറക്കാനുള്ള നടപടികൾ ആരംഭിച്ചതായി കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. വി. പി. രാജൻ സ്വാഗതപ്രസംഗത്തിൽ അറിയിച്ചു.

കാർഷിക കോളേജിലെ തേനീച്ച കൃഷിയിൽ നൈപുണ്യ വികസന പരിശീലനം നേടിയ ബിരുദ വിദ്യാർത്ഥികൾ തേനീച്ച കൃഷിയിൽ വിദഗ്ദരായ കർഷകർ, ശാസ്ത്രജ്ഞർ തുടങ്ങി നൂറിലധികം പേർ പങ്കെടുത്തു. വെള്ളായണി കാർഷിക കോളേജ് തേനീച്ച പരാഗണ ഗവേഷണ കേന്ദ്രം മുൻ മേധാവിയും സർവകലാശാല മുൻ




കേരള കാർഷിക സർവകലാശാല വയനാട്- അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രം സങ്കടിപ്പിച്ച "കർഷക- ശാസ്ത്രജ്ഞ- വിദ്യാർത്ഥി സംവാദം" എ.ഡി.ആർ &ഡീൻ, കോളേജ് ഓഫ് അഗ്രികൾച്ചർ അമ്പലവയൽ ഉദ്ഘാടനം ചെയ്യുന്നു.

ഡീനുമായിരുന്ന ഡോ. സ്റ്റീഫൻ ദേവനേശൻ തേനീച്ച പരിപാലനത്തെയും മൂല്യവർദ്ധിത ഉല്പന്നങ്ങളെക്കുറിച്ചും ക്ലാസ്സുകൾ നയിച്ച് കർഷകരുടെയും വിദ്യാർത്ഥികളുടെയും സംശയദൂരീകരണം നടത്തി. വിദ്യാർത്ഥികൾ രൂപകൽപന ചെയ്ത റാഗി ഹണി ലഡ്ഡു, തേൻ നിലക്കടല- ഓട്സ് ബാർ, തേൻ കടലമിഠായി, തേൻ എള്ളുണ്ട, തേൻ ലഡ്ഡു, മിക്സഡ് മില്ലെറ്റ് ഹണി ലഡ്ഡു, തേൻ ഗുലാബ് ജാമുൻ തുടങ്ങിയ ഉത്പന്നങ്ങളുടെ പ്രദർശനവും സംഘടിപ്പിച്ച.

ഡോ. ദീപ സുരേന്ദ്രൻ എസ്. എം. എസ്. ആനിമൽ സയൻസ് അദ്ധ്യക്ഷ വഹിച്ച സംഗമത്തിൽ ശ്രീ. ഉഡേ വെങ്കിട്ട സുബ്ബറാവു, ഡോ. അന്ന തോമസ്, ഡോ. റെനീഷ് കെ. വൈ., ശ്രീമതി. ക്രിസ്റ്റിന അലിൻ സേവ്യർ, ടി. കണ്ണൻ എന്നിവർ പ്രസംഗിച്ചു.

# സൂക്ഷ്മ ജലസേചന പദ്ധതികൾക്ക് 100 കോടിയുടെ പദ്ധതിയുമായി കൃഷി വകുപ്പ്

വേനൽക്കാലത്ത് ഉണ്ടാകാറുള്ള ജലക്ഷാമം പരിഹരിക്കുന്നതിന് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സൂക്ഷ്മ ജലസേചന പദ്ധതിയായ പ്രധാന മന്ത്രി രാഷ്ട്രീയ കൃഷി വികാസ് യോജന ഓരോ തുള്ളിയിലും കൂടുതൽ വിളവ് (PDMC) കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കണമെന്ന് സംസ്ഥാന പഠനശാല ഉദ്ഘാടനം ചെയ്ത കാർഷികോത്പാദന കമ്മീഷണർ ഡോ. ബി അശോക് ഐ എ എസ്. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ഉയർന്ന ഉൽപാദനം ഉറപ്പുവരുത്തുക, ജലത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ഗ്രാൻഡ് ചൈത്രം ഹോട്ടലിൽ സംഘടിപ്പിച്ച പഠനശാല ഉദ്ഘാടനം ചെയ്ത സംസാരിക്കുകയായിരുന്നു അദ്ദേഹം. ആവശ്യത്തിന് മഴ ലഭിക്കുന്ന സംസ്ഥാനമാണെങ്കിൽ പോലും പ്രതിശീർഷ ജല ലഭ്യത താരതമ്യേന കുറവായതിനാൽ സൂക്ഷ്മ ജലശേഖരണ രീതികളുടെ പ്രാധാന്യം വർദ്ധിച്ചു വരികയാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്ന കൃഷി വകുപ്പ് ഡയറക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്. ചൂണ്ടിക്കാട്ടി. നാളികേരം, വാഴ, കശുമാവ് പുഷ്പ-ഔഷധ സസ്യങ്ങൾ തുടങ്ങി കേരളത്തിലെ ഒട്ടുമിക്ക പ്രധാനപ്പെട്ട വിളകളിലും സൂക്ഷ്മ ജലസേചന രീതികൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കി സംസ്ഥാനത്തിന് ഈ മേഖലയിൽ ആകർഷകമായ ഒരു കുതിച്ചുചാട്ടം പ്രാവർത്തികമാക്കാൻ സാധിക്കും എന്ന് അദ്ദേഹം പറഞ്ഞു.

കർഷകർക്ക് ഈ പദ്ധതി പ്രകാരം ചെലവ് വരുന്ന തുകയുടെ 45 മുതൽ 55 ശതമാനം തുക പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. കേര കർഷകർക്ക് ഇതിനു പുറമേ കേരസമൃദ്ധി പദ്ധതി പ്രകാരം 30 ശതമാനം പ്രത്യേക ധനസഹായം ലഭിക്കും. നിബന്ധനകൾക്ക് വിധേയമായി ജലസ്രോതസ്സുകളുടെ വികസനം, പമ്പിംഗ് ആവശ്യങ്ങൾ എന്നിവയ്ക്ക് കൂടി സൂക്ഷ്മ ജലസേചന സംവിധാനത്തോടൊപ്പം സഹായം നൽകും.

ജലസേചനത്തിന് ആവശ്യമായ കുളവും ടാങ്കുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ക്ലസ്റ്റർ അടിസ്ഥാനത്തിൽ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കി ഭാവിയിൽ പദ്ധതി മാർഗ്ഗരേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി

'തുള്ളിനന' പോലുള്ള ജലസേചന രീതികൾ സംസ്ഥാനത്തിന്റെ ആവശ്യാനുസരണം പദ്ധതിയിലൂടെ നടപ്പിലാക്കും. 6000ത്തോളം കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തി 70% ജലനഷ്ടം കുറച്ചുകൊണ്ട് കൃഷി ലാഭകരമാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.




കാർഷികോത്പാദന കമ്മീഷണർ ഡോ. ബി അശോക് ഐ എ എസ് സംസ്ഥാന പഠനശാല ഉദ്ഘാടനം ചെയ്യുന്നു.

ജലസേചനത്തിന്റെ പ്രാധാന്യത്തെകുറിച്ച് കർഷകരെ ബോധവത്കരിക്കുന്നതിലൂടെ ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കുമെന്നും സ്വാഗതം ആശംസിച്ച കൃഷിവകുപ്പ് സംസ്ഥാന കാർഷിക എൻജിനീയർ, രാജ്മോഹൻ. സി. കെ, സൂചിപ്പിച്ചു. പഞ്ചായത്ത് തലത്തിൽ കർഷകർക്ക് ഇത് സംബന്ധിച്ച് പരിശീലനം നൽകുന്നതാണ്. പഠനശാലയിൽ വിഷയവുമായി ബന്ധപ്പെട്ട വിദഗ്ദർ ക്ളാസ്സുകൾ കൈകാര്യം ചെയ്തു.

ഡോ. അബ്ദുൾ ഹക്കിം വി എം (പ്രൊഫസ്സർ, കേരള കാർഷിക സർവ്വകലാശാല), രാജേഷ് പി ഡി (കൃഷി അസിസ്റ്റന്റ് എൻജിനീയർ, വയനാട്), പ്രമോദ് എസ് (കൃഷി അസിസ്റ്റന്റ് ഡയറക്ടർ), അരുൾ രാജ് (അസിസ്റ്റന്റ് എൻജിനീയർ, കൃഷി വകുപ്പ് ), ഡോ. പ്രകാശ് മോഹൻ (ഡിസൈൻ കൺസൽട്ടൻറ് ,ബിറ്റ്സ് പിലാനി) എന്നിവർ പഠനശാലയിലെ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്തു. പ്രധാന മന്ത്രി രാഷ്ട്രീയ കൃഷി വികാസ് യോജന ഓരോ തുള്ളിയിലും കൂടുതൽ വിളവ് (PDMC) പദ്ധതിയുടെ ലഘു മാർഗ്ഗരേഖ കാർഷികോത്പാദന കമ്മീഷണർ ഡോ. ബി അശോക് ഐ എ എസ്, കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ഡോ. ശ്രീറാം വെകിട്ടരാമൻ ഐ എ എസ് ന് നൽകി പ്രകാശനം ചെയ്തു.

സംസ്ഥാന കൃഷി വകുപ്പ് മുഖേന, നടപ്പാക്കുന്ന ഈ പദ്ധതിയുടെ ഗുണഭോക്താവാകുന്നതിന് കർഷകർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനകളിലും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയത്തിലും ലഭ്യമാണ്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ആധാർ, ബാങ്ക് പാസ് ബുക്ക്, ഈ വർഷം ഒടുക്കിയ ഭൂനികുതി രശീതി, ജാതി സർട്ടിഫിക്കറ്റ് (പട്ടിക ജാതി / പട്ടിക വർഗ്ഗക്കാർക്ക് മാത്രം) എന്നിവയുടെ പകർപ്പ് സമർപ്പിക്കണം.

കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടാം. ഫോൺ: സ്റ്റേറ്റ് അഗ്രികൾച്ചറൽ എൻജിനിയർ - 9383470065, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , കോഴിക്കോട് – 9383471797, ആലപ്പുഴ – 9383470693, തിരുവനന്തപുരം – 9383472010, കൊല്ലം – 9383470241, പത്തനംതിട്ട – 9383470518, ആലപ്പുഴ – 9383470694, കോട്ടയം – 9447344143, എറണാകുളം – 9383471479, തൃശ്ശൂർ - 9383471422, പാലക്കാട് – 9383471479, ഇടുക്കി – 8921668079, മലപ്പുറം – 9383471643, കോഴിക്കോട് – 9446429642, വയനാട് – 9383471924, കണ്ണൂർ – 9383472050, കാസർഗോഡ് – 9495082339. 2025 – 26 സാമ്പത്തിക വർഷം 100 കോടി രൂപ ഈ പദ്ധതിയ്ക്കായി സർക്കാർ വകയിരുത്തുകയും അതിൽ 72.81 കോടി നിലവിൽ ലഭ്യമാക്കിയിട്ടുമുണ്ട്.



പ്രധാന മന്ത്രി രാഷ്ട്രീയ കൃഷി വികാസ് യോജന ഓരോ തുള്ളിയിലും കൂടുതൽ വിളവ് (PDMC) പദ്ധതിയുടെ ലഘു മാർഗ്ഗരേഖ കാർഷികോത്പാദന കമ്മീഷണർ ഡോ. ബി അശോക് ഐ എ എസ്, കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ഡോ. ശ്രീറാം വെകിട്ടരാമൻ ഐ എ എസ് ന് നൽകി പ്രകാശനം ചെയ്യുന്നു.

# ഫാം ഫ്യൂഷൻ 25: മനം കവർന്ന് പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടം ഫാം ഫെസ്റ്റ് സമാപിച്ചു

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെയും കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പെരിങ്ങമ്മല ജില്ലാ കൃഷി തോട്ടത്തിൽ നടത്തുന്ന ഫാം ഫെസ്റ്റ് - ഫാം ഫ്യൂഷൻ 25 സമാപിച്ചു.

സെപ്റ്റംബർ 17, 18, 19 തിയതികളിലായാണ് ഫാം ഫ്യൂഷൻ 25 പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ സംഘടിപ്പിച്ചത്. ഫെസ്റ്റിനോടനുബന്ധിച്ച് കാർഷിക സെമിനാറുകൾ, കാർഷിക വിപണന മേള, പ്രദർശനമേള, ഫാം വിസിറ്റ്, നാടൻ ഭക്ഷ്യമേള, കലാവിരുന്ന്, കൃഷി അധിഷ്ഠിത വിനോദ വിജ്ഞാന മത്സരങ്ങൾ, സർക്കാർ അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്റ്റാളുകൾ എന്നിവ സംഘടിപ്പിച്ചു. ഇത് കൂടാതെ ജില്ലയിലെ മറ്റു സർക്കാർ ഫാമുകൾ, റെയ്ഡ്കോ, കെയ്കോ, കൃഷി വിജ്ഞാനകേന്ദ്രം, വനശ്രീ, കൃഷിക്കൂട്ടങ്ങൾ, ബയോടെക്നോളജി മോഡൽ ഫ്ലോറികൾച്ചർ സെൻറർ, ഹണി, കരകൗശല വസ്തുക്കൾ, കുടുംബശ്രീ, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, എന്നിവയുടെ സ്റ്റാളുകളും ഫുഡ്കോർട്ടും സംഘടിപ്പിച്ചു.

കൃഷി വകുപ്പ് കാർഷിക എൻജിനീയറിങ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ചെറുകിട കാർഷിക യന്ത്രങ്ങളുടെ സർവീസ് ക്യാമ്പും എല്ലാ ദിവസവും സംഘടിപ്പിച്ചിരുന്നു. സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലാബിന്റെ നേതൃത്വത്തിൽ മണ്ണ് പരിശോധനയും, സ്കൂൾ കുട്ടികൾക്കും സന്ദർശകർക്കും ഗ്രാഫ്റ്റിംഗ് / ലയറിംഗ് ചെയ്ത് പഠിക്കുന്നതിനായി പാഠശാലയും ഒരുക്കി.

ഫാമിന്റെ പ്രകൃതി രമണീയമായ എഴാം ബ്ലോക്കിലേക്ക് ഒരുക്കിയ ജീപ്പ് സവാരി സന്ദർശകർക്ക് വിനോദവും നയനമനോഹര കാഴ്ചയും സമ്മാനിച്ചു. തിരുവനന്തപുരം ജില്ലയിൽ ആദ്യമായി നടത്തുന്ന ഫാം ഫെസ്റ്റ് പെരിങ്ങമ്മലയിലേയും സമീപ പഞ്ചായത്ത്കളിലേയും സ്കൂളുകളിലെ കുട്ടികളും എല്ലാ ബ്ലോക്ക്കളിൽ നിന്നും കർഷകരും ഫെസ്റ്റിൽ പങ്കെടുത്തു. ഫാമുകളിൽ ഉദ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളുടെയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണന സ്റ്റാളുകളിൽ എല്ലാ ദിവസവും വലിയ തിരക്കാണ് അനുഭവപ്പെട്ടത്.

ഫാം ഫ്യൂഷൻ 2025 ന്റെ ഒന്നാം ദിവസമായ 17-ാം തിയതി കാലാവസ്ഥാനുസൃത കൃഷിയെ കുറിച്ച് ശ്രീ. പ്രമോദ് എം എസ്, (കൃഷി അസിസ്റ്റന്റ് ഡയറക്ടർ) ക്ലാസും ഉച്ചക്ക് ശേഷം സ്കൂൾ കുട്ടികൾക്കുള്ള കാർഷിക ക്വിസും സംഘടിപ്പിച്ചു. അതിനെ തുടർന്ന് ഫാം തൊഴിലാളികളുടെ വിവിധകലാപരിപാടികളും നടന്നു. രണ്ടാം ദിവസം വെള്ളായണി കാർഷിക കോളേജിലെ അസോസിയേറ്റ് പ്രഫസർ ഡോ.അമ്പിളി പോളിന്റെ നേതൃത്വത്തിൽ കീടനാശിനിയുടെ സുരക്ഷിത ഉപയോഗത്തെ കുറിച്ചുള്ള സെമിനാറും ഉച്ചക്ക് ശേഷം ഫാം തൊഴിലാളികൾക്കും സന്ദർശകർക്കുമായി കായിക മൽസരങ്ങളും നടത്തി.

മൂന്നാം ദിവസം രാവിലെ കരമന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിലെ അസിസ്റ്റന്റ് പ്രൊഫസ്സർ ഡോ.അമൃതകുമാരി എസ് ന്റെ നേതൃത്വത്തിൽ പച്ചക്കറി വിളകളിലെ സസ്യരോഗ കീട നിയന്ത്രണത്തെ കുറിച്ചുള്ള സെമിനാറും ഉച്ചക്ക് ശേഷം ഫാം തൊഴിലാളികളുടെ കലാപരിപാടികളും നടത്തി.



# പരപ്പനങ്ങാടി കാർഷിക ബ്ലോക്കിൽ ശ്രദ്ധേയമായി കൂൺ ഗ്രാമം പദ്ധതി

കൂൺ കൃഷിയിലൂടെ വരുമാന വർദ്ധനവ് ഉറപ്പുവരുത്തുകയും ഉപഭോക്താക്കൾക്ക് പോഷകമൂല്യമുള്ള കൂൺ ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കൂൺ ഗ്രാമം പദ്ധതിയുടെ ഉദ്ഘാടനവും ലോഗോ പ്രകാശനവും കാലിക്കറ്റ് യൂണിവേഴ്സിറ്റി ഓഡിറ്റോറിയത്തിൽ വച്ച് വള്ളിക്കുന്ന് എം.എൽ.എ. , പി. അബ്ദുൽ ഹമീദ് മാസ്റ്റർ നിർവഹിച്ചു.

പരപ്പനങ്ങാടി കാർഷിക ബ്ലോക്കിൽ തിരൂരങ്ങാടി, പരപ്പനങ്ങാടി നഗരസഭകളിലും നന്നമ്പ്ര, പെരുവള്ളൂർ, തേഞ്ഞിപ്പാലം, മുന്നിയൂർ പഞ്ചായത്തുകളിലും ആണ് കോൺഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം 100 ചെറുകിട കൂൺ ഉൽപാദന യൂണിറ്റാണ് ഉള്ളത്. കൂടാതെ 2 വൻകിട യൂണിറ്റുകളും മൂന്ന് കൂൺ സംസ്കരണ യൂണിറ്റുകളും രണ്ട് പാക്കിംഗ് യൂണിറ്റുകളും 10 കമ്പോസ്റ്റ് യൂണിറ്റുകളും ഒരു ചെറുകിട കൂൺ വിത്ത് ഉൽപാദന യൂണിറ്റുമാണ് ഉള്ളത്. പ്രാദേശിക വിപണി കൂടാതെ ലുലു പോലുള്ള ഹൈപ്പർമാർക്കറ്റുകളിലും വിപണനം നടക്കുന്നുണ്ട്.

വിളംബര ജാഥയോടെ ആരംഭിച്ച കൂൺ ഫെസ്റ്റിന്റെ ഭാഗമായി കൂൺ അടിസ്ഥാനമാക്കിയുള്ള പാചക മത്സരം നടന്നു. മഷ്റൂം കൊണ്ടുള്ള കട്ലറ്റ്,സമൂസ, ബിരിയാണി, കൊണ്ടാട്ടം, പാസ്ത, പിസ്സ, ചട്ടിപ്പത്തിരി, മത്തനില കൂൺ അട, മഷ്റൂം ചായ തുടങ്ങി നൂറോളം വിഭവങ്ങളാണ് പാചക മത്സരത്തിന്റെ ഭാഗമായി ഉണ്ടാക്കിയത്. 22 മത്സരാർത്ഥികൾ പങ്കെടുത്തു. മത്തനില കൂൺ അട, മഷ്റൂം ചായ എന്നിവ സമ്മാനാർഹമായി. ഫെസ്റ്റിന്റെ ഭാഗമായി കൂൺ പ്രദർശനവും പ്രശ്നോത്തരിയും വിവിധ കലാപരിപാടികളും നടന്നു.

തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ടി സാജിദ അധ്യക്ഷത വഹിച്ചു. തിരൂരങ്ങാടി. മുനിസിപ്പാലിറ്റി ചെയർമാൻ കെ. പി മുഹമ്മദ് കുട്ടി,തേഞ്ഞിപ്പാലം പഞ്ചായത്ത് പ്രസിഡന്റ് വിജിത്ത്,മുന്നിയൂർ പഞ്ചായത്ത് പ്രസിഡന്റ് സുഹറാബി തുടങ്ങിയ ജനപ്രതിനിധികളും മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ എസ്. ബീന, കൃഷി ഡെപ്യൂട്ടി ഡയറക്ടർ സൈഫുനീസ,പരപ്പന ങ്ങാടി കൃഷി അസി. ഡയറക്ടർ വി. സംഗീത, തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് സ്ഥിരസമിതി അധ്യക്ഷ സി.സി. ഫൗസിയ, ശരീഫ മേടപ്പിൽ, റിട്ട. കൃഷി ഡപ്യൂട്ടി ഡയറക്ടർ ഡോ. എ. ജെ. വിവെൻസി, തേഞ്ഞിപ്പലം കൃഷി ഓഫീസർ കെ. ഷംല എന്നിവർ പ്രസംഗിച്ചു.




കൂൺ ഗ്രാമം പദ്ധതിയുടെ ഉദ്ഘാടനവും ലോഗോ പ്രകാശനവും കാലിക്കറ്റ് യൂണിവേഴ്സിറ്റി ഓഡിറ്റോറിയത്തിൽ വച്ച് വള്ളിക്കുന്ന് എം.എൽ.എ. പി. അബ്ദുൽ ഹമീദ് മാസ്റ്റർ നിർവ്വഹിക്കുന്നു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sindu K.S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. V. Krishnadas., Design & Layout : Maya Santhosh